# 'ജൈവം'– പച്ചപ്പിലേയ്ക്കുള്ള പ്രയാണം

**ഡോ. ബീന കെ.**

പ്രകൃതിക്കുമേൽ അധീശത്വം സ്ഥാപിക്കാനും വിഭവങ്ങൾ കൊള്ളചെയ്യാനുമുള്ള ആധുനികമനുഷ്യന്റെ ശ്രമമാണ് പരിസ്ഥിതി നാശത്തിനും പ്രകൃതിദുരന്തങ്ങൾക്കും ഇടയാക്കിയത്. ഒരു ജൈവസാകല്യമായി പ്രകൃതിയെ കാണാനും അതിനനുസൃതമായി ജീവിക്കാനും ആഹ്വാനംചെയ്യുന്ന ഹരിതദർശനം രൂപപ്പെടുന്നത് ഈ സാഹചര്യത്തിലാണ്. ജീവികൾക്ക് പരസ്പരവും അവയുടെ ആവാസവ്യവസ്ഥയോടും അവയുടെ ജൈവപരവും ഭൗതികവും ആയ പരിസ്ഥിതികളോടുമുള്ള ബന്ധം പരിസ്ഥിതിശാസ്ത്ര പഠിതാക്കൾ നിർവചിട്ടുണ്ട്. മനുഷ്യനാണ് എല്ലാറ്റിന്റെയും കേന്ദ്രം എന്ന വീക്ഷണവും വ്യാവസായികപുരോഗതിയും സമ്പത്തിന്റെ അസന്തുലിതകേന്ദ്രീകരണവും വിതരണവും കോളനിവത്കരണവും ചേർന്ന് രൂപപ്പെട്ട പുതിയ സാമൂഹ്യക്രമമാണ് പ്രകൃതിചൂഷണത്തിന് പശ്ചാത്തലമൊരുക്കുന്നത്. ജൈവവിനാശവും അടിക്കടിയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും 'പരിസ്ഥിതി അഭയാർത്ഥികളുടെ രൂപമെടുക്കലും ഒക്കെയാണ് പരിസ്ഥിതിസംരക്ഷണ ചിന്തകളിലേക്കും ഉൾക്കാഴ്ചകളിലേക്കും മനുഷ്യധിഷണയെ നയിച്ചത്. പരിസ്ഥിതിചിന്തകരിൽ ശാസ്ത്രകാരന്മാരോടൊപ്പം കലാകാരന്മാരും ദാർശനികരും സാഹിത്യരചയിതാക്കളും ഉൾപ്പെട്ടു. പരിസ്ഥിതിവിനാശത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് സാധാരണജനങ്ങളെക്കൂടി ഓർമിപ്പിക്കുന്ന റെയ്ച്ചൽ കാഴ്സന്റെ പരിസ്ഥിതിശാസ്ത്രഗ്രന്ഥമായ നിശബ്ദവസന്ത(Silent Spring)വും വികസ്വരരാജ്യങ്ങൾക്കുള്ള സാമ്പത്തിക ക്രമവും വികസ്വരമാതൃകകളും ചർച്ച ചെയ്യുന്ന ഇ. എഫ് ഷുമാക്കറിന്റെ ചെറുത് സുന്ദരം (Small is Beautiful) എന്ന സാമ്പത്തികശാസ്ത്രഗ്രന്ഥവും മസനോബു ഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ലവം (The One Straw Revolution) എന്ന ഗ്രന്ഥവും പരിസ്ഥിതിചിന്തകൾക്ക് പ്രാരംഭം കുറിച്ചവയാണ്. ജൈവോർജചക്രത്തിന്റെ നിലനില്പാണ് മണ്ണിന്റെ ഉല്പാദനശേഷിയുടെ അടിത്തറ എന്ന സിദ്ധാന്തമാണ് പ്രകൃതികൃഷിയെ അവതരിപ്പിച്ചുകൊണ്ട് ഫുക്കുവോക്ക മുന്നോട്ടുവച്ചത്. ആഗോളതലത്തിൽ ഉയർന്നുവന്ന പരിസ്ഥിതിചിന്തകൾ വ്യത്യസ്ത പരിസ്ഥിതിദർശനങ്ങളെയും ചിന്താപദ്ധതികളെയും ഉൾക്കൊണ്ടിരുന്നു. മനുഷ്യകേന്ദ്രിതവാദത്തെ നിരാകരിച്ചുകൊണ്ട് ജൈവകേന്ദ്രിതദർശനം മുന്നോട്ടുവയ്ക്കുന്ന ഗഹന പരിസ്ഥിതിവാദം(Deep Ecology) സാമൂഹ്യമേൽക്കോയ്മയുടെ സ്വാഭാവികപരിണതിയാണ് പ്രകൃതിക്കുമേൽ

അധീശത്വത്തിനു കാരണമെന്നു ഉറപ്പിക്കുന്ന സാമൂഹ്യപരിസ്ഥിതിവാദം (Social Ecology), രാഷ്ട്രീയ-ധനതത്ത്വശാസ്ത്രത്തിന്റെ വിശകലനത്തിലൂടെ പ്രകൃതിക്കുണ്ടായ പരിണാമങ്ങൾ വിശകലനംചെയ്യാൻ ശ്രമിക്കുന്ന പാരിസ്ഥിതികമാർക്സിസം (Eco Marxism), സ്ത്രീവാദദർശനങ്ങളെയും പാരിസ്ഥിതിക ചിന്തകളെയും ബന്ധിപ്പിക്കുകയും സ്ത്രീക്കും പ്രകൃതിക്കും മേലുള്ള പുരുഷാധിപത്യത്തെ വിമർശനാത്മകമായി നേരിടുകയും ചെയ്യുന്ന പാരിസ്ഥിതികസ്ത്രീവാദം (Eco Feminism) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ആധുനികതക്ക് ശേഷം രൂപപ്പെടുന്ന കലാതത്ത്വവിചാരമാണ് പാരിസ്ഥിതിക കലാപഠനം എന്നത്. പരിസ്ഥിതി പ്രവർത്തനങ്ങളുടെ ഭാഗംതന്നെയാണിത്. ജൈവ ദാർശനിക പശ്ചാത്തലമാണ് ഈ പഠനത്തിന്റെ അടിത്തറ. 1978 ൽ വില്യം റൂകോർട്ട് ആണ് പരിസ്ഥിതിനിരൂപണം (Eco Criticism) എന്നൊരു പദം തന്റെ ലേഖന (Literature and Ecology : An experiment in Eco criticism )ത്തിൽ പ്രയോഗിച്ചത്. പ്രകൃതിസംരക്ഷണത്തിൽ കേന്ദ്രീകരിക്കുന്ന സാമ്പത്തികവ്യവസ്ഥയെ ലക്ഷ്യം വെച്ചുകൊണ്ടു പരിസ്ഥിതിപ്രശ്നങ്ങളോടുള്ള രാഷ്ട്രീയപ്രതികരണമെന്ന രീതിയിലാണ് ഹരിതരാഷ്ട്രീയം (Green Politics / Eco Politics) രൂപപ്പെടുന്നത്. ജർമനിയിൽ രൂപംകൊണ്ട ഗ്രീൻസ് പാർട്ടിയും കെനിയയിൽ വങ്കാരി മാതായ് രൂപംകൊടുത്ത ഗ്രീൻബെൽറ്റ് മൂവ്മെന്റും (GBM) ഹരിതരാഷ്ട്രീയ ദർശനങ്ങളിലൂന്നിയാണ് പ്രവർത്തിച്ചത്. ആധുനികോത്തരമായ ജീവിതരീതികളുടെയും പുതിയ സാങ്കേതികവിദ്യയുടെയും ഉപഭോഗസംസ്കാരത്തിന്റെയും പശ്ചാത്തലത്തിൽ തകിടംമറിഞ്ഞ പ്രകൃതിയെയും സംസ്കാരത്തെയും സംരക്ഷിക്കാനും പ്രകൃതിയുടെ സുരക്ഷിതത്വത്തിനു വെല്ലുവിളിയായിത്തീർന്ന പരിസ്ഥിതിനശീകരണ പ്രവണതയെ പ്രതിരോധിക്കാനും വേണ്ടി രൂപം കൊണ്ട പാരിസ്ഥിതിക ദർശനങ്ങളാണ് പരിസ്ഥിതി പ്രവർത്തനങ്ങളുടെയും പരിസ്ഥിതിവാദത്തിന്റെയും അടിത്തറ.

ആധുനികോത്തരമായ ജീവിതരീതികളുടെയും പുതിയ സാങ്കേതികവിദ്യയുടെയും ഉപഭോഗ സംസ്കാരത്തിന്റെയും പശ്ചാത്തലത്തിൽ തകിടംമറിഞ്ഞ പ്രകൃതിയെയും സംസ്കാരത്തെയും സംരക്ഷിക്കാനും പ്രകൃതിയുടെ സുരക്ഷിതത്വത്തിനു വെല്ലുവിളിയായി തീർന്ന പരിസ്ഥിതിനശീകരണ പ്രവണതയെ പ്രതിരോധിക്കാനും വേണ്ടി രൂപംകൊണ്ട പാരിസ്ഥിതികദർശനങ്ങളാണ് പരിസ്ഥിതി പ്രവർത്തനങ്ങളുടെയും പരിസ്ഥിതിവാദത്തിന്റെയും അടിത്തറ. കാലാകാലങ്ങളായി മനുഷ്യന്റെ വെല്ലുവിളികളും സമരസപ്പെടലുകളുമെല്ലാംതന്നെ പ്രകൃതിയോടും പരിസ്ഥിതിയോടും അവയിൽ നിലനിർത്തപ്പെട്ടിരുന്ന ആവാസവ്യവസ്ഥയോടും ആയിരുന്നു. പരിസ്ഥിതിയുടെ നിഗൂഢതകൾ അറിഞ്ഞിരുന്ന പ്രാചീനർ പരിസ്ഥിതിയെതന്നെ ശക്തിയായി കണ്ട് ആരാധിച്ചു. പരിസ്ഥിതിക്കേൽക്കുന്ന ആഘാതങ്ങൾ മനുഷ്യനെയാണ് ഏറ്റവുംകൂടുതൽ ബാധിക്കുക എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. പുതിയ

കണ്ടെത്തലുകളുടെ പിൻബലത്തിൽ പ്രകൃതിയെ വെല്ലുവിളിച്ച മനുഷ്യന് മുന്നിൽ കാലക്രമത്തിൽ പ്രകൃതിയുടെ രൂപഭാവങ്ങൾ മാറി. പരിസ്ഥിതിവിഭവങ്ങളുടെ ഉറവകൾ വറ്റി. ഊർജസ്രോതസ്സുകൾ നശിച്ചു. ഋതുഭേദങ്ങൾ ക്രമംതെറ്റി പ്രകൃതിദുരന്തങ്ങളായി മനുഷ്യന് മുന്നിലെത്തി. മനുഷ്യരാശിയുടെ സർവ്വനാശത്തെ കുറിച്ചുള്ള സൂചനകൾ അശാന്തമനസ്സുകളിൽ അതിജീവനചിന്തകൾക്ക് നിദാനമായി. പരിസ്ഥിതിദർശനങ്ങൾ രൂപപ്പെടുകയും പരിസ്ഥിതിയുടെ സന്തുലിതത്വം പാലിക്കാതെ മനുഷ്യന് നിലനില്പില്ലെന്ന തിരിച്ചറിവിലേക്ക് എത്തിചേരുകയും ചെയ്തു.

സാഹിത്യരചനയിൽ പരിസ്ഥിതിശാസ്ത്രവും (Ecology) പാരിസ്ഥിതിദർശനങ്ങളും സമന്വയിക്കപ്പെട്ടു. ആധുനികാനന്തരസാഹിത്യത്തിൽ പരിസ്ഥിതി ഒരു ഘടകമായി കടന്നുവരുന്നു. ജൈവ സ്വത്വ അവബോധവും പുതിയൊരു ഭാവുകത്വവും പരിസ്ഥിതി വിഷയഗ്രന്ഥങ്ങൾ രൂപപ്പെടുത്തുന്നുണ്ട്. സമകാലിക നോവൽരംഗത്തും ഇക്കോളജി പ്രമേയമാകുന്നു. പ്രകൃതി എന്നതിലുപരി ജീവന്റെ ബഹിർസ്ഫുരണമായ പ്രവർത്തനങ്ങളോളോട് കൂടിയ ജൈവപരിസ്ഥിതിയുടെയും ഭൂമിയുമായി ബന്ധപ്പെട്ട അജൈവപരിസ്ഥിതിയുടെയും പൂരകമായ ആവാസവ്യവസ്ഥയെന്ന നിലയിൽ അത് വിവക്ഷിക്കപ്പെടുന്നു. മനുഷ്യകേന്ദ്രിതമായി പ്രപഞ്ചത്തെ വീക്ഷിക്കുന്ന മനുഷ്യൻ പ്രകൃതിയെ കീഴടക്കാനുള്ള പരിശ്രമത്താൽ വരുത്തിത്തീർത്ത പാരിസ്ഥിതികവിനാശങ്ങളെ സാഹിത്യം ഫലപ്രദമായി വിനിമയം ചെയ്തിട്ടുണ്ട്.

റെയ്ച്ചൽ കാഴ്സണും മസനോബാ ഫുക്കുവോക്കയും പാരിസ്ഥിതികദർശനങ്ങളുടെ പ്രാരംഭ രചയിതാക്കളായിരുന്നു. പാരിസ്ഥിതികദുരന്തങ്ങളുടെ ഭീകരമുഖത്തെ അനാവരണംചെയ്ത നിശബ്ദവസന്തവും പ്രകൃതിയുടെ അനിവാര്യത വെളിപ്പെടുത്തിയ 'ഒറ്റവൈക്കോൽ വിപ്ലവവും ന്യൂക്ലിയർ ആയുധങ്ങളുടെ നടുവിൽ ഭീതിതമായ നിൽക്കുന്ന ഭൂമിയുടെ ദൃശ്യം ആവിഷ്കരിക്കുന്ന ജോനാഥൻ ഷെല്ലിന്റെ 'ഭൂമിയുടെ വിധിയും' പാരിസ്ഥിതികചിന്തകളെ ആഗോളതലത്തിൽ സംവാദാത്മകമാക്കി. യൂറിയൊഡോറോഫിന്റെ 'ദി സൈലന്റ് ഡെത്ത്' എന്ന രചന രാസായുധങ്ങൾ വരുത്തിവയ്ക്കുന്ന നിശബ്ദ മരണത്തെ ആവിഷ്കരിക്കുന്നു. ഹെന്റി ഡേവിഡ് തോറോയുടെയും റൂസോവിന്റെയും പാരിസ്ഥിതിക ദർശനങ്ങളും ശ്രദ്ധിക്കപ്പെട്ടു. സ്റ്റോക്ഹോമിലും റിയോഡിജനീറോയിലും ജൊഹനസ്ബർഗിലും നടന്ന സമ്മേളനങ്ങൾക്കു പരിസ്ഥിതി സംരക്ഷണം മുഖ്യ വിഷയമായി. പാശ്ചാത്യ ദേശത്തു കവിതകളിലൂടെയാണ് സാഹിത്യരംഗത്ത് പരിസ്ഥിതിചിന്തകൾ ആദ്യം വിനിമയംചെയ്യപ്പെട്ടത്. വേർഡ്സ്വർത്തും ഷെല്ലിയും കീറ്റ്സും പ്രമുഖ വക്താക്കളായിരുന്നു. ബോദ്‌ലെയറും അലക്സാണ്ടർ പോപ്പും വ്യത്യസ്തമായ പാരിസ്ഥിതിക നിരീക്ഷണങ്ങൾ നടത്തി. ഭാരതത്തിലേക്ക് കടന്നാൽ പ്രകൃതി ദർശനവും പാരിസ്ഥിതികചിന്തകളും വേദോപനിഷത്തുകളിലും പുരാണങ്ങളിലും കാളിദാസാദി കൃതികളിലും

ദ്രാവിഡമായ തിണസങ്കൽപത്തിലും ആവിഷ്കരിക്കപ്പെടുന്നതായി കാണാം. 1970 കളുടെ അവസാനത്തോടുകൂടിയാണ് മലയാള സാഹിത്യത്തിൽ പാരിസ്ഥിതിക ബോധം ഒരു ദർശനമായി കടന്നു വരുന്നത്. കേരളത്തിൽ പ്രകൃതിസംരക്ഷണ പ്രസ്ഥാനങ്ങളും പ്രക്ഷോഭങ്ങളും സാംസ്കാരിക രംഗത്തുണ്ടാക്കിയ ചലനങ്ങളാണ് എഴുത്തുകാരെ പാരിസ്ഥിതിക ദർശനങ്ങളിലേക്കും പുതിയ ഭാവുകത്വ സൃഷ്ടിയിലേക്കും എത്തിക്കുന്നത്. 'പ്രകൃതിയിലേക്കു മടങ്ങുക എന്ന അടിസ്ഥാന സങ്കല്പത്തിൽ നിന്നുകൊണ്ട് ടി.പി. സുകുമാരൻ രചിച്ച 'പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര'യും അയ്യപ്പപ്പണിക്കരുടെ 'പരിസ്ഥിതിയും ലാവണ്യശാസ്ത്രവും പൊരുളധികാരത്തിന്റെ പാഠങ്ങൾ' എന്ന രചനയും ശ്രദ്ധേയമാണ്. ആഷാമേനോന്റെ 'സാകല്യത്തിന്റെ പ്രസക്തി' എൻ.പി. ദാസിന്റെ 'മഹാവൃക്ഷങ്ങൾ ഭൂമിയുടെ പ്രാർത്ഥനകൾ' , എം. തോമസ് മാത്യുവിന്റെ 'സാബത്തു : ദൈവത്തിന് വിശുദ്ധം, വി.സി.ഹാരിസിന്റെ പരിസ്ഥിതി സൗന്ദര്യ ശാസ്ത്രം ഒരു കുറിപ്പ് , എ.പി.നമ്പ്യാരുടെ 'ഉച്ചാടന ചടങ്ങുകളിലെ പ്രതീകാത്മകതയും പ്രകൃതിയും' എന്നീ ലേഖനങ്ങൾ പാരിസ്ഥിതിക ചിന്തകൾ മുന്നോട്ടു വയ്ക്കുന്നവയാണ് . ധാരാളം പരിസ്ഥിതി കവിതാപഠനങ്ങളും മലയാളത്തിലുണ്ടായിട്ടുണ്ട് . പി. പി. കെ. പൊതുവാളിന്റെ 'പരിസ്ഥിതികവിതയുടെ ഒരാമുഖം , ജി. മധുസൂദനന്റെ കഥയും പരിസ്ഥിതിയും , സി. റഹിം എഡിറ്റു ചെയ്ത ഹരിത നിരൂപണം മലയാളത്തിൽ സി. ആർ. പ്രസാദിന്റെ 'ഹരിത ദർശനം' ആധുനികാനന്തര മലയാള കവിതയിൽ, എം. ബി. മനോജിന്റെ 'പുതു കവിതയും തിണ സങ്കല്പവും' തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു .

മലയാള നോവൽരംഗത്ത് പാരിസ്ഥിതികവായന ആരംഭിക്കുന്നത് എസ്.കെ. പൊറ്റക്കാടിന്റെ 'വിഷകന്യക'യിലൂടെയാണ്. പി. വത്സലയുടെ നെല്ല്, കെ.ജെ. ബേബിയുടെ മാവേലിമൻറം, നാരായന്റെ കൊച്ചരേത്തി , അംബികാസുതൻ മാങ്ങാടിന്റെ എൻമകജെ തുടങ്ങിയ രചനകൾ സോണിയ റഫീഖിന്റെ ഹെർബേറിയം, പി. സുരേന്ദ്രന്റെ ജൈവം എന്നിവ ഈ വിഭാഗത്തിൽ പെടുന്നു. മലയാള നോവൽ സാഹിത്യരംഗത്ത് നവീനതയെ തുടർന്ന് പുതിയൊരു ഭാവുകത്വം സൃഷ്ടിച്ചുകൊണ്ട് കടന്നുവന്ന രചനകളാണ് പി. സുരേന്ദ്രന്റെ നോവലുകൾ. ഹരിതരാഷ്ട്രീയത്തിന്റെ വ്യത്യസ്ത മുഖം ആഖ്യാനംചെയ്യുന്ന നോവലാണ് ജൈവം. നക്സലിസത്തിനു ശേഷമുള്ള കേരളത്തിന്റെ ചിത്രവും കൃതി അനാവരണം ചെയ്യുന്നുണ്ട്. ആഖ്യാതാവ് തന്നെയായ കവി, മാർഗ്രെറ്റ്, കല്ലൂർ രാഘവൻ, ഡേവിഡ്, ഫാദർ ഡാമിയൻ എന്നിവരാണ് മുഖ്യ കഥാപാത്രങ്ങൾ.

വൈഗ എന്ന ദേശം പശ്ചാത്തലമാക്കിയിരിക്കുന്ന നോവൽ ആരംഭിക്കുന്നത് 'ഒരു പ്രണയത്തിന്റെ ആരംഭം' എന്ന ഭാഗത്തോടെയാണ്. കവിയും മാർഗ്രെറ്റും തമ്മിലുള്ള ഒരു പുനഃസമാഗമത്തോടെയാണ് തുടക്കം. പച്ചപ്പിനെ കവിതയിൽ സന്നിവേശിപ്പിക്കുന്ന, പച്ചയെ ധ്യാനിക്കുന്ന കവി യന്ത്രവത്കൃത ജീവിതത്തിനിടയിൽ പച്ചപ്പിന്റെ അംശം ദർശിക്കാനാകാതെ വെമ്പൽകൊള്ളുന്നതായി അവതരിപ്പിക്കുന്നു. നോവലിലെ ആഖ്യാതാവാണ് കവി. അയാൾക്ക് പച്ച എന്നത് പലപ്പോഴും ഭ്രതാവേശമായി മാറുന്നു. പലപ്പോഴും പച്ചയെ കിനാവ് കാണുകയും പച്ചയുടെ സാന്ത്വനമില്ലാതെ ഭ്രാന്തു പിടിക്കുമെന്നു പറയുകയും പച്ച പച്ചയെന്ന് ഒരു മന്ത്രം കണക്കെ ഉരുവിടുകയുംചെയുന്ന പച്ചയെ ധ്യാനിക്കുന്ന കവിയെയാണ് നോവലിൻറെ ആദ്യഭാഗത്തു കാണുന്നത്. ഒരു സ്ഥലത്തു നിലയുറപ്പിക്കാൻ അയാൾക്കാവുന്നില്ല. നിശ്ചയിച്ചുറപ്പിച്ച വഴികളിലൂടെ സഞ്ചരിക്കാനാവുകയില്ലെന്നു നോവലിന്റെ ആരംഭത്തിൽ അയാൾ പറയുന്നുണ്ട്. പച്ചപ്പിന്റെ വ്യത്യസ്തഭാവതലങ്ങളെ ആവിഷ്കരിക്കാനാഗ്രഹിക്കുന്ന കവിയോട് ബസ് യാത്രയിൽ പരിചയപ്പെടുന്ന പാതിരി വൈഗയെക്കുറിച്ച് സൂചിപ്പിക്കുന്നു. ലാൻഡ്സ്കേപ്പിനെക്കുറിച്ചും ഹ്യൂമൻ സ്കേപ്പിനെക്കുറിച്ചും സംസാരിച്ച പാതിരിയുടെ ശബ്ദത്തിന്റെ ബഹിർസ്ഫുരണം 'ജൈവ'ത്തിലുടനീളം കാണാം. കവിയോട് ഹ്യൂമൻ സ്കേപ്പിന്റെ ചില അസാധാരണത്വങ്ങൾ കാണണമെങ്കിൽ നിങ്ങൾ വൈഗയിലേക്കു തന്നെ പോകണം. അകത്തേക്ക് വരൾച്ച പടരുമ്പോൾ മനുഷ്യന് സംഭവിക്കുന്ന രൂപാന്തരങ്ങൾ ശരിക്കും അറിയാം' എന്നാണ് പാതിരി പറയുന്നത് [1]. കവിയുടെയും മാർഗരറ്റിന്റെയും വൈഗയിലേക്കുള്ള യാത്രയും അതിലെ ഇടവേളകളും യാത്രയ്ക്കിടയിലെ പ്രതിസന്ധികളുമാണ് നോവലിന്റെ ഇതിവൃത്തം. പച്ചപ്പിനെ സ്വപ്നംകാണുന്ന കവിയുടെ മുന്നിൽ വൈഗ വരണ്ട മരുഭൂമിയായി കിടന്നു. വരണ്ടുണങ്ങിയ നദിയെ തന്റെ ചോരയും കവിതയും കൊണ്ടുണർത്താനാകുമെന്നു ആശിച്ച കവി പക്ഷെ പച്ചപ്പിനു വേണ്ടിയുള്ള ചിന്തയിലേക്കോ പ്രയോഗികതയിലേക്കോ നീങ്ങുന്നില്ല. ഭാവനകൊണ്ടും കവിതകൊണ്ടും പച്ചപ്പുണ്ടാക്കാനുള്ള കവിയുടെ കാല്പനിക ചിന്തയെ നോവലിസ്റ്റ് അധിക്ഷേപിക്കുന്നുണ്ട്. 'വൈഗയിലെ ഉഷ്ണദിനങ്ങളിൽ' എന്ന ഭാഗത്തു നാം വൈഗയെ കാണുന്നത് ഉറവകൾ വറ്റിവരണ്ടുപോയ പച്ചപ്പില്ലാത്ത നദികൾ മണൽ നിറഞ്ഞ വഴികളായി തീർന്ന, കുഷ്ഠരോഗികൾ നിറഞ്ഞ, വെള്ളത്തിനുവേണ്ടി തല്ലുകൂടുന്ന ജനങ്ങൾ നിറഞ്ഞ ഒരു ഊഷരഭൂമിയാണ്. കർമ്മവിമുഖനും നിരുത്തരവാദിയുമായി സ്വപ്നംകണ്ടുകൊണ്ടിരുന്ന കവി ഈ ഊഷര കാഴ്ചകളിൽപെട്ടു ഗൃഹാതുരതയുടെ ഹരിതത്തിലൂടെ സഞ്ചരിച്ച് എത്തുന്നത് അമ്മയുടെ ഓർമ്മകളിലേക്കാണ്. പച്ചയുടെ ഭ്രതാവേശത്തിനു പകരം അമ്മയെ സ്വപ്നം കാണുന്നു. യാഥാർഥ്യങ്ങളിൽ നിന്നും ദുരിതപ്പെടുന്ന മനുഷ്യരിൽ നിന്നും ഒളിച്ചോടുന്ന, അകന്നുനിൽക്കുന്ന കവി ഇനി മനുഷ്യരുടെ ദുരിതത്തിലേക്ക് ഉണർന്നേക്കാമെന്ന് മാർഗ്രെറ്റ് പ്രത്യാശിക്കുന്നു. കർമ്മവിമുഖനായിരുന്ന കവിയെ

ഉണർത്താൻ ശ്രമിച്ചുകൊണ്ടുതന്നെ വിനാശം വന്നുപോയ പച്ചപ്പിനെക്കുറിച്ചും വീണ്ടെടുക്കപ്പെടേണ്ട പച്ചപ്പിനെക്കുറിച്ചും 'ജൈവം' സംസാരിക്കുന്നു.

'വെയിൽ' വ്യവസായികതയുടെയും വഴിതെറ്റിയ വികസനത്തിൻറെയും ഉപഭോഗസംസ്കൃതിയുടെയും ശക്തമായ സൂചകമായി ജി. മധുസൂദനൻ നിരീക്ഷിക്കുന്നു[2] വൈഗയിലെ വേനലിന്റെ കാഠിന്യത്തെ വേഗവതീ നദിയുടെ ചിത്രീകരണത്തിലൂടെ അവതരിപ്പിക്കുന്നു. "ഇപ്പോഴിത് നദിയേയല്ല, ജീവന്റെ പൊടിപ്പുകളൊന്നും ആ നദിയിലില്ലായിരുന്നു. പാറയും മണലും മൂടിയ ഒരു ശവശരീരമായിരുന്നു അത്. ആഴമെല്ലാം ഊർന്ന നദിയടയാളമൊക്കെ തീർത്തും മാഞ്ഞുപോയിരുന്നു. അത് നദിയായിരുന്നുവെന്നു ഇപ്പോൾ പറയാൻ പറ്റുന്നത് പാറകളുടെ ഒരതിര് ഉള്ളതുകൊണ്ടാണ്.[3] ഒരു കാലത്തു ഭൂവുടമകളും ഭൂരഹിതരും തമ്മിലുള്ള സംഘർഷങ്ങൾക്കു വൈഗ പ്രസിദ്ധമായിരുന്നു. കത്തിയെരിഞ്ഞ വെയിലിൽ സമൃദ്ധിയുടെ അന്ത്യംകുറിച്ചപ്പോൾ അവിടത്തെ മേലാളരും അടിയാളരും പ്രകൃതിയുടെ സമഭാവനയിൽ ഒരേപോലെ ദരിദ്രരായി. കത്തുന്ന വെയിലിൽ വൈഗയിലെ വർഗ വൈജാത്യങ്ങൾ മാഞ്ഞുപോയിരിക്കുന്നു. ജാതീയതയുടെ അതിരുകളും ഒപ്പം മാഞ്ഞുപോയതായി നോവലിസ്റ്റ് കുറിക്കുന്നു. ഒരു ദേശത്തെ പച്ചപ്പിനോപ്പം മാഞ്ഞുപോയ ജാതിവർഗ ഭേദങ്ങളെ 'ജൈവം' വെളിപ്പെടുത്തുന്നു.

മഴ വൈഗയെ കൈവിട്ടുതുടങ്ങിയ ഒരു കാലത്തെ നോവലിൽ അവതരിപ്പിക്കുന്നുണ്ട്. ജല സ്രോതസ്സുകൾ വറ്റിത്തുടങ്ങിയ കാലത്തും ഉണങ്ങിയ വൈക്കോൽ ഭക്ഷിച്ചും നിറയെ പാൽ ചുരത്തിയിരുന്ന പശുക്കളെ കുറിച്ചും വയലുകളിൽ കുമിഞ്ഞുകൂടിയ ചാണകം കച്ചവടക്കാർക്ക് വിറ്റു ദാരിദ്ര്യമകറ്റിയ കാലത്തെ പരാമർശിക്കുന്നു. ദാരിദ്ര്യം ബാധിക്കാതിരിക്കാൻ കച്ചവടക്കാർക്ക് ശരീരം വിൽക്കുന്ന വൈഗയിലെ സുന്ദരികളായ സ്ത്രീകളെക്കുറിച്ചും വിവരിക്കുന്നു. പാരിസ്ഥിതികനാശം ഒരു ജനതയെ എന്തും വിൽക്കാൻ മടിയില്ലാത്തവരാക്കി മാറ്റുന്നുവെന്ന ദുരന്തത്തെയും നോവൽ തുറന്നുകാട്ടുന്നു. വൈഗയുടെ വരൾച്ചയാകട്ടെ ദീർഘകാലത്തെ വംശീയ പകകൾക്കും ചോരചൊരിച്ചിലുകൾക്കുമൊടുവിൽ പ്രകൃതി സമ്മാനിച്ചതാണ്. വെള്ളത്തിന് വേണ്ടിയുള്ള പോരിൽ ഇന്നും അത് തുടരുന്നു.

കലയിലൂടെ മാത്രമല്ല കർമ്മകാണ്ഡത്തിലൂടെയുമാണ് നിലനിൽപ്പിന്റെ അർത്ഥം തേടേണ്ടതെന്ന് ബോധ്യപ്പെടുത്തുന്ന രചനയാണ് ജൈവം. പ്രകൃതിയുടെ തകർച്ച സകലതിനെയും തുടച്ചുമാറ്റുമെന്ന പാഠത്തെ അത് ഉറപ്പിക്കുന്നു. "മായാപുരാണത്തിൽ ആരംഭിച്ച ഒരു നീണ്ട യാത്രയുടെ പരിസമാപ്തിയെന്ന് ജൈവത്തിലെ യാത്രാന്ത്യത്തെ വിലയിരുത്താമെന്ന് എ. എം. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ട്.[4] ചരിത്രത്തിൻറെ പാരിസ്ഥിതികമായ പുനരെഴുത്തെന്നാണ് ഈ നോവലിലെ ചരിത്രസങ്കല്പത്തെ പറ്റി ജി.

മധുസൂദനൻ എഴുതുന്നത് സാമ്പ്രദായിക ചരിത്രബോധമല്ല പ്രകൃതിയെ കൂടി ഉൾകൊള്ളുന്നൊരു പുതിയ ചരിത്രസങ്കല്പമാണ് എഴുത്തുകാരൻ ആവിഷ്കരിക്കുന്നത് എന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. [6]

ഗവേഷണം ലക്ഷ്യമാക്കി വൈഗയിലെത്തിയ മാർഗരെറ്റിന് തന്റെ ഗവേഷണത്തിന്റെ നിരർത്ഥകത വളരെ പെട്ടന്ന് തന്നെ ബോധ്യപ്പെടുന്നു. പച്ചയെ സ്വപ്നം കണ്ട് കർമ്മവിമുഖനായി നിരുത്തരവാദപരമായി ഇരിക്കുന്ന കവിയിൽനിന്ന് വ്യത്യസ്തമായി മാർഗ്രെറ്റ് വൈഗയെ തന്റെ കർമ്മമണ്ഡലമായി തിരിച്ചറിയുന്നു. അവിടുത്തെ കൃഷിയിടങ്ങളെല്ലാം പച്ചയിൽ മൂടുന്നത് സ്വപ്നം കാണാനും അവൾക്കു കഴിയുന്നു. വൈഗയെ ആത്മാവിൽ അണിയാൻ അവൾ ശ്രമിക്കുന്നത് കവി തിരിച്ചറിയുന്നുണ്ട്. മുറ്റത്തൊരു ചട്ടിയിൽ വിത്ത് പാകി പച്ചപ്പുണ്ടാക്കാൻ മാത്രമാഗ്രഹിക്കുന്ന കവിയെ 'ക്രൂരൻ' എന്ന് വിളിച്ചുകൊണ്ടാണ് അവളുടെ ഉദാത്തമായ പച്ചപ്പിൻറെ മൂടൽ എന്ന സ്വപ്നത്തെ അവൾ പങ്കുവയ്ക്കുന്നത്. പച്ചപ്പിന്റെ കാവലാളായി നില്ക്കാൻ ആഗ്രഹിക്കുന്നവനായി കവിയെ അവതരിപ്പിക്കുമ്പോഴും അയാളുടെ സ്വപ്നസാഫല്യത്തിന് തടസ്സമായിനിൽക്കുന്ന അകർമ്മണ്യതയിൽനിന്ന് അയാളെ ഉണർത്താൻ ശ്രമിക്കുന്നത് മാർഗരറ്റാണ്. 'പച്ചയുടെ സ്മൃതികളിൽ മയങ്ങിയിരുന്നുകൊണ്ടു ഉത്തരവാദിത്വത്തിൽനിന്നു പലായനംചെയ്യാൻ ശ്രമിച്ചിരുന്ന കവി ആഴത്തിൽ വേരുകളുള്ള മരമാകാൻ എനിക്കിതുവരെ കഴിഞ്ഞിട്ടില്ല എന്ന് കുറ്റബോധത്തോടെ ഒടുവിൽ പറയുന്നുണ്ട്. ഒരുദിവസം വൈഗയിലെ പറമ്പിൽനിന്ന് കിട്ടിയ മാരിയമ്മയുടെ പുരാതനമായ ഒരു ശിരസ്സുമായി വന്ന മാർഗരെറ്റ് പറയുന്നത് അത് ഭൂമാതാവാണ് എന്നും പട്ടിണിയും ദാരിദ്ര്യവുംകൊണ്ട് വൈഗയിലെ അമ്മമാരൊക്കെ ഇപ്പോൾ ഇങ്ങനെ ആയിട്ടുണ്ടെന്നുമാണ്. ഫെമിനിസ്റ്റായിരുന്ന അവൾ ഇക്കോ ഫെമിനിസത്തിലേക്കു പരിണമിക്കുന്നുണ്ട്. അതിനെപറ്റി ജി. മധുസൂദനൻ ഇങ്ങനെ രേഖപ്പെടുത്തുന്നു ""സാമ്പ്രദായിക ഫെമിനിസത്തിന്റെ അന്ധമായ പുരുഷ വിരോധത്തെയും റൊമാൻറിക് എക്കോളജിയുടെ കാല്പനിക പ്രകൃതിപ്രണയത്തെയും ഒന്നുപോലെ നിരാകരിച്ചുകൊണ്ട് അധികാരഘടനയെയും അവയുടെ ചൂഷണത്തെയും തിരിച്ചറിഞ്ഞു പ്രതിരോധിക്കുന്നതാണ് ഇക്കോ ഫെമിനിസത്തിന്റെ നിലപാടുകൾ. മാർഗ്രെറ്റ് എത്തിച്ചേരുന്നതും അവിടേക്കുതന്നെയാണ്" [7]. മാരിയമ്മയുടെ അനാഥമായ ശിരസ്സിൽ മുളപൊട്ടിയ കുരുന്നുകളെ വളർത്താൻ തീരുമാനിക്കുന്ന കവി പുതിയൊരു ജീവിതത്തിലേക്ക് കടക്കുന്നു. ഒരു കവി നടക്കേണ്ട വഴി ഏതെന്നു ഈ കുരുന്നുസസ്യങ്ങൾ മരങ്ങളായി മാറുമ്പോൾ എനിക്ക് പറഞ്ഞുതരും'. എന്ന് കവി ഓർക്കുന്നിടത്തു നോവൽ അവസാനിക്കുന്നു. പ്രകൃതിയുമായി ബന്ധംസ്ഥാപിച്ചുകൊണ്ട് കവിയും മാർഗ്രെറ്റും പുതിയൊരു കർമ്മകാണ്ഡം അവിടെ ആരംഭിക്കുന്നു.

വർത്തമാനകാലത്തിലും പാരിസ്ഥിതികകാഴ്ചപ്പാടുകൾ സംവാദവിഷയമാകുന്നുണ്ട്. സാഹിത്യത്തിലൂടെ പുതിയൊരു ഭാവുകത്വം അത് രൂപപ്പെടുത്തുന്നു. നോർവീജിയൻ ചിന്തകനായ അർനെനസ് അവതരിപ്പിച്ച ഗഹനപരിസ്ഥിതിവാദത്തിനും ഇന്ന് ഏറെ സ്വീകാര്യത വന്നിട്ടുണ്ട്. പരിസ്ഥിതി സംബന്ധിയായ കാഴ്ചപ്പാടുകളിൽ വലിയ വ്യതിയാനം സംഭവിച്ച കാലമാണിതെന്നും ആധുനികതയുടെ മനുഷ്യ കേന്ദ്രീകൃത പരിസ്ഥിതിചിന്തകളും സമീപനങ്ങളും ചോദ്യംചെയ്യപ്പെടുന്നു. സുസ്ഥിര വികസനം എന്ന കാഴ്ചപ്പാടിൽ മനുഷ്യന് വേണ്ടി മനുഷ്യരുടെ തലമുറകൾക്കു വേണ്ടി പ്രകൃതിയും ഭൂമിയും സംരക്ഷിക്കുക എന്ന ലക്ഷ്യമാണ് ഉള്ളത് എന്നും എം. എസ്. പോൾ നിരീക്ഷിക്കുന്നു [8] ഹരിത രാഷ്ട്രീയം മുന്നോട്ടുവയ്ക്കുന്ന നോവൽ എന്നതിലുപരി പ്രതിരോധത്തിന്റെ വ്യവഹാരം എന്ന നിലയിലും 'ജൈവം' പുനർവായനകൾ ആവശ്യപ്പെടുന്നുണ്ട്.

## കുറിപ്പുകൾ

1. ജൈവം, പി.സുരേന്ദ്രൻ , പുറം 13
2. പുനർ നിർമ്മിതിയുടെ പാഥേയം (പഠനം) , ജി.മധുസൂദനൻ , ജൈവം , പുറം 143.
3. ജൈവം, പി. സുരേന്ദ്രൻ പുറം 92
4. ജൈവചോദനകളുടെ ഉറവിടം തേടുന്ന ഒരു വ്യത്യസ്ത യാത്ര , (പഠനം) എ.എം. ഉണ്ണികൃഷ്ണൻ , ജൈവം പുറം 135 .
5. പുനർ നിർമ്മിതിയുടെ പാഥേയം (പഠനം) ജി. മധുസൂദനൻ , ജൈവം , പുറം 150
6. അതെ പുസ്തകം , പുറം 150
7. അതെ പുസ്തകം , പുറം 150-151
8. ഉത്തരാധുനിക മലയാള നോവൽ (ലേഖനം) എം.സ്. പോൾ , നോവൽസമീക്ഷ പുറം 114

## സഹായക ഗ്രന്ഥങ്ങൾ


1. അപ്പൻ, കെ.പി, മാറുന്ന മലയാള നോവൽ, ഡി.സി.ബുക്ക്സ് , കോട്ടയം 2007.
2. പരമേശ്വരൻപിള്ള, എരുമേലി , മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ കറൻറ് ബുക്ക്സ് , കോട്ടയം ,1998.
3. പരിസ്ഥിതി ദളിതെഴുത്ത് , പെണ്ണെഴുത്ത്, കേരള സർവകലാശാല , തിരുവനന്തപുരം, 2011

4. ബെഞ്ചമിൻ, സി , ഡോ. (എഡിറ്റർ) നോവൽ സമീക്ഷ , മാളുബെൻ പുബ്ലിക്കേഷൻസ് , തിരുവനന്തപുരം , 2021
5. മധുസൂദനൻ.ജി, ഹരിതനിരൂപണം മലയാളത്തിൽ, കറൻറ് ബുക്ക്സ് , കോട്ടയം , 2002
6. മധുസൂദനൻ , ജി , കഥയും പരിസ്ഥിതിയും , കറൻറ് ബുക്ക്സ് , തൃശ്ശൂർ , 2002
7. രാജശേഖരൻ.പി.കെ ഡോ, മലയാള നോവലിൻറെ 100 വർഷങ്ങൾ അന്ധനായ ദൈവം , ഡി സി ബുക്ക്സ് , കോട്ടയം , 2002
8. ഷാജി ജേക്കബ് , ഡോ, ആധുനികാനന്തര മലയാള നോവൽ വിപണി , കല , പ്രത്യയശാസ്ത്രം , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം , 2018
9. സുരേന്ദ്രൻ , പി, ജൈവം, ലോഗോസ്ബുക്സ് , പാലക്കാട് , 2017